ബോണക്കാട് മലമുകളിൽ നടാനായി കൊണ്ടുവന്ന വൃക്ഷത്തൈകൾ

1333. [2006] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ബോണക്കാട് മലമുകളിലെ പുൽമേട്ടിൽ നടുവാനായി ഇടുക്കി ജില്ലയിൽനിന്നും ഏതൊക്കെ ഇനം വൃക്ഷത്തൈകളാണ് കൊണ്ടുവന്നത് ; എത്ര തൈകൾ കൊണ്ടു വന്നു ;

(ബി) തൈകൾ കൊണ്ടു വരുന്നതിലേക്കായി എത്ര രൂപ ചെലവായി ;

(സി) ഈ തൈകൾ ബോണക്കാട് എസ്റ്റേറ്റിൽ നിന്നും മലമുകളിലെ പുൽമേട്ടിലെത്തിക്കുവാൻ എത്ര രൂപ ചെലവായി ?

ഉത്തരം

(എ) ബോണക്കാട് മലമുകളിലെ പുൽമേട്ടിൽ നടുവാനായി ഇടുക്കി ജില്ലയിൽനിന്നും 2,09,500 സിൽവർ ഓക്ക് തൈകളും 40,000 ചന്ദന വേപ്പ് തൈകളും കൊണ്ടുവന്നിട്ടുണ്ട്.

(ബി) 3,100 രൂപ.

(സി) 500 രൂപ.

വ്യക്തികൾക്ക് കൈവശഭൂമിയിലെ വൃക്ഷം മുറിക്കാൻ വിലക്ക

1334. [2007] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള വൃക്ഷങ്ങൾ മുറിക്കാൻ പാടില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് ;

(ബി) മരം മുറിക്കാൻ പാടില്ലെന്ന് തീരുമാനിക്കാൻ പ്രത്യേക കാരണങ്ങളുണ്ടോ ;

(സി) എത്ര ഏക്കർ ഭൂമി കൈവശമുള്ളവർക്കാണ് മരങ്ങൾ മുറിക്കാൻ ഇപ്പോൾ അനുവാദമുള്ളത് ;

(ഡി) സ്വകാര്യ വ്യക്തികൾക്ക് കൈവശസ്ഥലത്തുള്ള മരങ്ങൾ മുറിക്കണമെങ്കിൽ ഫോറസ്റ്റ് ഓഫീസറുടെ അനുവാദം വേണമെന്ന നടപടി മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കേരള വൃക്ഷസംരക്ഷണ ഓർഡിനൻസ് പ്രകാരം ചന്ദനം, തേക്ക്, വീട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, പെൺകച്ചട്ടച്ചി, ചന്ദന വേപ്പ്, ചിനി എന്നീ പത്തിനം മരങ്ങൾ മുറിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന്റെ 5-ാം വകുപ്പനുസരിച്ച് പ്രത്യേകം വിജ്ഞാപനം ചെയ്ത്, ചില സ്വകാര്യ വനങ്ങളിലും കാർഡമം ഹിൽ റിസർവ്വിൽപ്പെട്ട ചില പ്രദേശങ്ങളിലും ചില ഏലത്തോട്ടങ്ങളിലും ഏതിനം മരം മുറിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

ഈ നിയന്ത്രണം ആദ്യമായി കൊണ്ടുവന്നത് 17-6-1983-ൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly